# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 409

28.06.2011-ൽ മറുപടിക്ക്.

### കുറ്റ്യാടി നാളികേര പാർക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ.കെ. ലതിക : | ശ്രീ. പി.കെ. കുഞ്ഞാലികുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) കെ.എസ്.ഐ.ഡി.സി-യുടെ ആഭിമുഖ്യത്തിൽ കുറ്റ്യാടി കേന്ദ്രമായി ആരംഭിക്കുന്ന കുറ്റ്യാടി നാളികേര പാർക്കിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ? | (എ). കുറ്റ്യാടി നാളികേര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി വേളം വില്ലേജിലുള്ള മണിമല എസ്റ്റേറ്റിലെ 113 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. വ്യവസായ പാർക്കിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിലേയ്ക്ക് ചെന്നൈ ആസ്ഥാനമായുള്ള മഹീന്ദ്രാ കൺസൾട്ടിംഗ് എഞ്ചിനീയേഴ്സിനെ ചുമതലപ്പെടുത്തിയിരിക്കയാണ്. അവരുടെ റിപ്പോർട്ട് ഉടനെ ലഭിക്കുന്നതാണ്. വ്യവസായ പാർക്ക് പദ്ധതിക്കായി സംസ്ഥാന സർക്കാർ ഇതിനോടകം 6.02 കോടി രൂപ കെ.എസ്.ഐ.ഡി. സി-ക്ക് നൽകുകയും 5 കോടി രൂപ 2011-12 -ലേയ്ക്ക് വകയിരുത്തുകയുമുണ്ടായി. നാളികേര ഉൽപന്നങ്ങൾക്ക് മാത്രമായി വികസിപ്പിക്കുന്ന ഈ വ്യവസായ പാർക്കിന്റെ നിർമ്മാണത്തിന് നാളികേര വികസന ബോർഡിന്റെ സാമ്പത്തിക സഹായവും സഹകരണവും പ്രതീക്ഷിക്കുന്നു. കുറ്റ്യാടി നാളികേര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി ഒരു കമ്പനി രൂപീകരിച്ച് കുറ്റ്യാടിയിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. |

**സെക്ഷൻ ഓഫീസർ**